**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 15, വ്യാഴം

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| **മറുപടി നൽകുന്ന മന്ത്രിമാർ** |
|---|
| **പൊതുമരാമത്ത് വകുപ്പ് മന്ത്രി** |
| **പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി** |
| **റവന്യൂ വകുപ്പ് മന്ത്രി** |
| **വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി** |

**ഡിജിറ്റൽ റീസർവേ**

***91** **ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഡിജിറ്റൽ റീസർവേ പദ്ധതിയുടെ ഭാഗമായി നിലവിൽ എത്ര വില്ലേജുകളിൽ സർവേ പൂർത്തിയായി; എത്ര വില്ലേജുകളിൽ നടപടികൾ പുരോഗമിക്കുന്നു; എത്ര വില്ലേജുകളിൽ നടപടികൾ നിർത്തിവച്ചിരിക്കുന്നു എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

**(ബി)** ഏതെങ്കിലും ജില്ലകളിലോ വില്ലേജുകളിലോ ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾ താൽക്കാലികമായോ പൂർണ്ണമായോ നിർത്തിവയ്ക്കാൻ സർക്കാർ അല്ലെങ്കിൽ സർവേ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

**(സി)** ഡിജിറ്റൽ സർവേയിലൂടെ ഒരു വ്യക്തിയുടെ കൈവശം കണ്ടെത്തുന്ന തർക്കമില്ലാത്തതും സർക്കാർ പുറമ്പോക്കല്ലാത്തതുമായ ഭൂമിക്ക് കൈവശക്കാരന് ഉടമസ്ഥാവകാശം നിശ്ചയിച്ച് നൽകുന്നതിന് നിയമസഭ പാസ്സാക്കിയ സെറ്റിൽമെന്റ് ആക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ; അധിക കൈവശ ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**(ഡി)** ഡിജിറ്റൽ റീസർവേയുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ നിലവിൽ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും വിശദവിവരങ്ങളും അറിയിക്കുമോ;

**(ഇ)** താല്കാലിക ജീവനക്കാരെ ഒഴിവാക്കിയതിന്റെ ഫലമായി ഡിജിറ്റൽ റീസർവേ പദ്ധതിയിൽ നിലവിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ സർവേ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള പകരം സംവിധാനങ്ങൾ അല്ലെങ്കിൽ അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>പി.എം.ശ്രീ പദ്ധതി</u>

***92** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേന്ദ്ര സർക്കാരുമായി ഒപ്പുവെച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പി.എം.ശ്രീ പദ്ധതിയിൽ നിന്നും സംസ്ഥാനത്തിന് പിന്മാറാൻ സാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

**(ബി)** സഹകരിച്ച് പ്രവർത്തിക്കുന്നതിലെ ബുദ്ധിമുട്ടുകൾ അറിയിക്കുന്നതിനും തർക്കപരിഹാരങ്ങൾക്കുമായി ധാരണാപത്രത്തിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലുണ്ടായിട്ടും പദ്ധതിയിൽ നിന്നും പിന്മാറുന്നതിനായി പ്രസ്തുത വ്യവസ്ഥകൾ പ്രയോജനപ്പെടുത്താൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിയിൽ നിന്നും പിന്മാറിയാൽ രണ്ടായിരം കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന വാദം വസ്തുതാവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയിൽ പങ്കാളിയാകാത്ത കാരണത്താൽ ഏതെങ്കിലും ഫണ്ടുകൾ തടഞ്ഞുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പഞ്ചാബ് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സമാനമായ നടപടി സ്വീകരിക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമപരമായി യാതൊരു ബാധ്യതയുമില്ലാത്തതും ചുരുങ്ങിയ കാലയളവ് മാത്രം അവശേഷിക്കുന്നതുമായ ഈ പദ്ധതിയിൽ നിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## ടൂറിസം മേഖലയിലെ പുതിയ പദ്ധതികൾ

***93 ശ്രീ. ടോണി ചമ്മണി**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്കുള്ള സഞ്ചാരികളുടെ എണ്ണം അഞ്ചുവർഷത്തിനകം 10.5 കോടിയാക്കി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; ആയതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾ കേന്ദ്രീകരിച്ച് രാജ്യാന്തര ടൂറിസം സർക്യൂട്ട് ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തനിമ അടുത്തറിയാൻ സഞ്ചാരികളെ ക്ഷണിക്കുന്ന 'ബി എ മലയാളി ഫോർ എ ഡേ' (BE A MALAYALI FOR A DAY) എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

## ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ സംവിധാനം

***94 ശ്രീ. സുമേഷ് അച്യുതൻ**
**ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ ശക്തിപ്പെടുത്താൻ പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വനിതാ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള സുരക്ഷാ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(സി)** ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>റോഡ് സുരക്ഷ</u>**

***95 ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ അപകടം അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് നിർമ്മാണത്തിലെ ന്യൂനതകൾ കാരണം അപകടങ്ങൾ ഉണ്ടാകുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** റോഡ് പുനർനിർമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പായി ഓരോ റോഡിലും മുൻകാലത്തുണ്ടായിട്ടുള്ള അപകടങ്ങളും നിലവിലെ അപകടസാധ്യതകളും പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ;

**(സി)** നിർമ്മാണം പൂർത്തീകരിച്ച റോഡുകളിൽ അപകടസാധ്യതകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി നിരന്തര പരിശോധനകൾ നടത്താറുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ റോഡിലും പുതിയതായി രൂപപ്പെടുന്ന കവലകൾ, കയ്യേറ്റങ്ങൾ, വാഹന സാന്ദ്രതയിലുള്ള മാറ്റം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങളും നടപടികളും റോഡ് പുനരുദ്ധാരണത്തോടൊപ്പം പരിഗണിക്കാറുണ്ടോ; വിശദമാക്കാമോ?

## <u>പൊതുവിദ്യാഭ്യാസ പരിഷ്കരണം</u>

*96 **ശ്രീ. ദീപക് ജോയ്**

**ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തെക്കുറിച്ച് പഠിക്കാൻ പുതിയ കമ്മിറ്റിയെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്കൂൾ ഘടന പരിഷ്കരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും ലക്ഷ്യമിട്ടുള്ള പഠനത്തിനാണോ പുതിയ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ സെക്കൻഡറിയെ മുൻപുണ്ടായിരുന്ന വിധം പ്രത്യേക ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രീ പ്രൈമറി, എൽ.പി., യു.പി. വിഭാഗങ്ങൾക്കായി പ്രൈമറി ഡയറക്ടറേറ്റ് പ്രത്യേകം രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്ത് രണ്ടാം ഭൂപരിഷ്കരണം</u>

*97 **ശ്രീമതി കെ. കെ. രമ**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം ഭൂപരിഷ്കരണം നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** എങ്കിൽ പ്രസ്തുത വിദഗ്ധ സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്നും സമിതിയുടെ കാലാവധി എത്രയെന്നും വിശദമാക്കുമോ;

**(സി)** 1970-ലെ ഭൂപരിഷ്കരണ നിയമം, പാട്ടക്കരാർ ഉൾപ്പെടെയുള്ള ഭൂമി സംബന്ധമായ നിയമങ്ങളെല്ലാം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**പി.എം.ശ്രീ പദ്ധതി**</u>

***98 ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എം.ശ്രീ പദ്ധതിയുടെ ധാരണാ പത്രത്തിൽ ഒപ്പിട്ടതിനാൽ നിലവിൽ സംസ്ഥാനം പദ്ധതിയുടെ ഭാഗമാണെന്നും അതിനാൽ പദ്ധതി നടപ്പാക്കിയാലേ എസ്.എസ്.കെ. ഫണ്ട് നൽകാനാകൂ എന്ന് കേന്ദ്രം നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** നിലവിലുള്ള പി.എം. ശ്രീ പദ്ധതിയുടെ കാലാവധി 2027 മാർച്ച് 31-ന് അവസാനിക്കുമെങ്കിലും ആയതിന് തുടർച്ചയുണ്ടാകുമെന്നും അതിനാൽ കേരളം ഇനി നടപ്പാക്കിയാലും പദ്ധതിക്ക് കാലാവധി തുടർച്ച ലഭിക്കുമെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** മുൻ സർക്കാർ സ്വീകരിച്ച നിലപാട് മൂലം പി.എം.ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാനം നിർബന്ധിതമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**മുസിരിസ് പൈതൃക പദ്ധതി**</u>

***99 ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുസിരിസ് പൈതൃക പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി സാംസ്കാരിക, വിനോദസഞ്ചാര വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**(ബി)** വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ ക്രൂയിസ് സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**(സി)** മുസിരിസിൽ നിന്നുള്ള ബോട്ട് സർവീസുകൾ ആലപ്പുഴയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ഡി)** ബോട്ട് ജെട്ടികളും ഷോപ്പിംഗ് കോംപ്ലക്സുകളും കേരളീയ പൈതൃക ശൈലിയിൽ ക്യൂറേറ്റർമാരുടെ മേൽനോട്ടത്തിൽ മനോഹരമായി രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**(ഇ)** മുസിരിസ് മാതൃകയിൽ കേരളത്തിലെ പൈതൃക-സാംസ്കാരിക കേന്ദ്രങ്ങളെ വിനോദസഞ്ചാര മേഖലയുമായി ഫലപ്രദമായി ഏകോപിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

## നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ

*100 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നിലവിലെ സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

**(ബി)** ഇക്കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുന്നതിന് റണ്ണിങ് കോൺട്രാക്ടിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## നൂറുദിന കർമ്മപദ്ധതിയിലെ പട്ടയ വിതരണം

*101 **ശ്രീമതി ഉമ തോമസ്**

**ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി പട്ടയമേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ആദിവാസി കുടുംബങ്ങൾക്കും ഭൂരഹിത കുടുംബങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രധാനമായും നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) റവന്യൂ വകുപ്പിൽ പട്ടയ വിതരണത്തിനായി നിലവിൽ പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണം എത്രയാണ്; അഞ്ച് വർഷത്തിലേറെയായി തീർപ്പാകാതെ കിടക്കുന്ന പട്ടയ അപേക്ഷകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ

*102 **ശ്രീ. കല്ലട മാഹിൻ**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയപാതാ അതോറിറ്റി കൃത്യമായ ദിശാബോർഡുകൾ സ്ഥാപിക്കാത്തത് അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാതകളിലെ പാർക്കിംഗുകൾ കാരണം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ;

(ഡി) തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തിന് സമീപം ദേശീയപാതയിൽ 2026 സെപ്റ്റംബർ 4-ന് ഉണ്ടായ വാഹനാപകടത്തെത്തുടർന്ന് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ശബരിമല റോഡുകളുടെ നവീകരണം

***103 ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്തിന് മുൻപായി ശബരിമല റോഡുകളും അനുബന്ധ റോഡുകളും ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) 2021 മുതൽ ശബരിമല റോഡുകളുടെ നവീകരണം കൃത്യമായി നടക്കാതിരുന്നത് പരിഗണിച്ച് ഇത്തവണ മുഴുവൻ ശബരിമല റോഡുകളും ഗുണനിലവാരത്തോടെ നന്നാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) റോഡുകൾ മെച്ചപ്പെടുത്തുന്നതിനൊപ്പം സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി റോഡ് മാർക്കിംഗ്, ദിശാ ബോർഡ് സ്ഥാപിക്കൽ, മറ്റു സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമല മേഖലയിലെ റസ്റ്റ് ഹൗസുകളുടെ നവീകരണം, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ 2026 നവംബർ മാസത്തോടെ പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>താരാപഥം പദ്ധതി</u>**

***104 ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ എല്ലാ ക്ലാസ്സുകളിലും താരാപഥം എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സ്കൂളുകളിൽ ഐ.ടി. പഠനം കാര്യക്ഷമമാക്കാനുള്ള ഡിജിറ്റൽ സ്ക്വയർ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; ഇത് എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ലിറ്റിൽ കൈറ്റ്സ് പദ്ധതി യു.പി. സ്കൂളുകളിലും നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഉറപ്പാക്കാൻ പ്രോട്ടോക്കോൾ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>പ്രഥമാധ്യാപക സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും</u>**

***105 ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ മെയ് മാസത്തെ വിരമിക്കൽ ഒഴിവുകളിലേക്ക് അവധിക്കാലത്തുതന്നെ പൂർത്തിയാക്കിയിരുന്ന പ്രഥമാധ്യാപക സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും ഇപ്പോൾ അധ്യയനവർഷത്തിന്റെ

പകുതിയിലേയ്ക്ക് വൈകിയിട്ടുണ്ടോ; എങ്കിൽ വൈകാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

**(ബി)** സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകാത്തതിനാൽ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രധാനാധ്യാപകരില്ലാതെയാണ് ഈ അധ്യയനവർഷം ആരംഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(സി)** പ്രൈമറി വിഭാഗം പ്രധാനാധ്യാപക സ്ഥാനക്കയറ്റ നടപടികൾ വൈകി ആരംഭിച്ചിട്ടും നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

**(ഡി)** അധ്യയനവർഷത്തിന്റെ മധ്യത്തിൽ സ്ഥലംമാറ്റങ്ങൾ നടത്തുന്നത് സ്കൂളുകളുടെ അക്കാദമിക് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാൽ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>**ഡിജിറ്റൽ സർവേ**</u>

***106** **ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഡിജിറ്റൽ സർവേ പുനരാരംഭിക്കുമ്പോൾ വ്യക്തമായി അതിരുകൾ നിർണയിക്കാത്ത ഭൂമികളിൽ സർവ്വേ സമയത്ത് ഭൂവുടമകളുടെ സാന്നിധ്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

**(ബി)** വിസ്തൃതിയിലോ അതിരുകളിലോ വ്യത്യാസം കണ്ടാൽ അന്തിമ വിജ്ഞാപനത്തിന് മുമ്പ് ഉടമയെ അറിയിച്ച് മാറ്റങ്ങൾ വരുത്തുമോ; വ്യക്തമാക്കുമോ;

**(സി)** സർവേ ജീവനക്കാർക്ക് പ്രൊഫഷണൽ ഏജൻസികളുടെ സഹായത്തോടെ പ്രായോഗിക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം</u>**

***107 ശ്രീ. സി. കെ. കാസിം**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ എണ്ണത്തിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**(ബി)** വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം, സുരക്ഷ, മാലിന്യസംസ്കരണം, നിരീക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(സി)** എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കേന്ദ്ര സഹായത്തോടെയുള്ള പുതിയ പദ്ധതികൾ</u>**

***108 ശ്രീ. നീലകണ്ഠൻ**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** പ്രസ്തുത കൂടിക്കാഴ്ചയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളുടെ അനുമതി ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) അതിന്റെ ഫലമായി ആകെ എത്ര തുകയുടെ പ്രവൃത്തികൾക്ക് കേന്ദ്ര അനുമതി ലഭ്യമായെന്ന് വിശദമാക്കുമോ?

**<u>ദേശീയപാതയോരത്തെ ഭൂമി ഉപയോഗം</u>**

*109 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്തെ ഭൂമി ഉപയോഗത്തിനുള്ള വിലക്ക് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് സുപ്രീകോടതിയെ അറിയിക്കുന്നതിൽ വീഴ്ചയുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിലെ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ സുപ്രീംകോടതി സ്വമേധയാ എടുത്ത കേസിൽ കക്ഷിചേരുന്നതിനു കോടതിയെ സമീപിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിഷയം പരിഗണിച്ചപ്പോൾ സത്യവാങ്മൂലം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സത്യവാങ്മൂലം നൽകാൻ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശമുണ്ടായിട്ടും സർക്കാർ നിലപാട് അഭിഭാഷകരെ അറിയിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് ദേശീയപാതയോരത്തെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളുടെ വിവരശേഖരണം ആരംഭിച്ചത് പൊതുമരാമത്ത് വകുപ്പ് അറിയാതെ പോയ സാഹചര്യവും വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും പരിശോധിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും ഭൂമിയുടെ ലഭ്യതക്കുറവും ദേശീയപാതയോരത്തെ വ്യാപാര മേഖലയുടെ സവിശേഷതകളും ശാസ്ത്രീയമായി കോടതിയെ ബോധ്യപ്പെടുത്തുന്നതിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയുടെ പരിഷ്കരണം</u>**

***110** **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. ഫൈസൽ ബാബു**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**(ബി)** പുതിയ കാലഘട്ടത്തിന് അനുസൃതമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** ഇക്കാര്യങ്ങളിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## <u>ബി.ആർ.സി.കളുടെ പ്രവർത്തനം</u>

***111** **പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ബി.ആർ.സി.കളിൽ (ബ്ലോക്ക് റിസോഴ്സ് സെന്റർ) ജോലി ചെയ്തുവന്നിരുന്ന കരാർ, ദിവസവേതന ജീവനക്കാരെ മുന്നറിയിപ്പില്ലാതെ പിരിച്ചുവിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** പകരം സംവിധാനങ്ങൾ ഏർപ്പെടുത്താതെ ഓഫീസ് അറ്റൻഡർമാരെയും സി.ആർ.സി.സികളെയും (ക്ലസ്റ്റർ റിസോഴ്സ് സെന്റർ കോർഡിനേറ്റർ) പിരിച്ചുവിട്ടത് പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെയും പ്രത്യേകിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക്

നൽകിവന്നിരുന്ന പ്രത്യേക പരിശീലനങ്ങളെയും സാരമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

**(സി)** നിലവിലെ ജീവനക്കാരെ മാറ്റി തൽസ്ഥാനത്ത് ചില രാഷ്ട്രീയ പാർട്ടികളുടെ താല്പര്യപ്രകാരമുള്ളവരെ നിയമിക്കാനാണ് ഈ പിരിച്ചുവിടൽ നടത്തിയതെന്ന് പറയപ്പെടുന്നതായ ആരോപണങ്ങളെ കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ;

**(ഡി)** നിലവിലുണ്ടായിരുന്ന ജീവനക്കാരെ തിരികെ പ്രവേശിപ്പിച്ച് ബി.ആർ.സി.കളുടെ പ്രവർത്തനം സുഗമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>സ്കൂൾ കുട്ടികളുടെ ആരോഗ്യം</u>**

***112** **ശ്രീ. സേനാപതി വേണു**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. വി. ടി. സൂരജ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ അമിതവണ്ണം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ കുറയ്ക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(ബി)** വിദ്യാർത്ഥികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനും ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനുമായി എല്ലാ സർക്കാർ സ്കൂളുകളിലും ആവശ്യമായ കളിസ്ഥലവും കായിക ഉപകരണങ്ങളും ഉറപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കൃത്യമായ ഇടവേളകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ആരോഗ്യ പരിശോധനകൾ നടത്താറുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ?

**<u>ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ</u>**

*113 **ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലകാലതീർത്ഥാടനവുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തീർത്ഥാടനകാലത്ത് ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളും റോഡ് സുരക്ഷാ പ്രവൃത്തികളും പൂർണ്ണമായി പൂർത്തിയാക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കൊപ്പം സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്ടറുകൾ, റോഡ് സൈഡ് ബാരിയറുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം</u>**

*114 **ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. ടി. എം. ശശി**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്കുള്ള വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനത്തിൽ കുറവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2024-25 വർഷത്തിൽ ആഭ്യന്തര-വിദേശ സഞ്ചാരികളുടെ സന്ദർശനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സുരക്ഷാ പ്രശ്നങ്ങളും മാലിന്യ സംസ്കരണത്തിലെ വീഴ്ചകളും ഇതിന് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം

പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷാ-മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലം ഉണ്ടാകാനിടയുള്ള പ്രതിസന്ധികളെന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനും തകർന്ന റോഡുകൾ, വഴിവിളക്കുകൾ, ശുചിമുറികൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനുമായി വകുപ്പ് എന്ത് പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>ഭൂപരിഷ്കരണ നയത്തിൽ മാറ്റം</u>**

*115 **ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. കെ. രാജൻ**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണത്തിൽ സമഗ്രമാറ്റം കൊണ്ടുവരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ജന്മിത്വം ഉന്മൂലനം ചെയ്ത പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും സ്വന്തമായി ഭൂമി ലഭ്യമാക്കിയ ഭൂപരിഷ്കരണ നയത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഭൂരഹിതരായ പാവപ്പെട്ടവരെ കണ്ടെത്തി അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി മുൻ സർക്കാർ ആരംഭിച്ച പദ്ധതി തുടരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാൻ നടപടി</u>**

*116 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(ബി) പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും സർക്കാർ നടത്തിവരുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(സി) അടുത്ത അഞ്ചുവർഷത്തിനുള്ളിൽ എത്ര പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ കണ്ടെത്തുന്നതിൽ ടൂറിസം വ്യവസായ പങ്കാളികളുടെ സഹകരണം തേടുമോ; വ്യക്തമാക്കുമോ;

(ഇ) കണ്ടെത്തുന്ന ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

**<u>സ്കൂളുകളിൽ വന്ദേമാതരം ആലപിക്കണമെന്ന നിർദ്ദേശം</u>**

*117 **ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. വി. ജോയി**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-ലെ സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ വന്ദേമാതരം ആലപിക്കണമെന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ നിർദ്ദേശം നൽകിയതാരാണെന്നും എന്നാണെന്നും വ്യക്തമാക്കുമോ;

**(ബി)** പ്രസ്തുത നിർദ്ദേശം ലോക്ഭവനിൽ നിന്നാണ് ലഭിച്ചതെന്ന് വകുപ്പ് മന്ത്രി പൊതുവേദിയിൽ പറഞ്ഞിരുന്നോ; എങ്കിൽ അതിന് അടിസ്ഥാനമായ ഔദ്യോഗിക രേഖ ഏതാണെന്ന് വ്യക്തമാക്കുമോ;

**(സി)** വന്ദേമാതരം ആലപിക്കണമെന്നോ പൂർണ്ണരൂപത്തിൽ ആലപിക്കണമെന്നോ ലോക്ഭവനിൽ നിന്ന് സംസ്ഥാന സർക്കാരിനോ പൊതുവിദ്യാഭ്യാസ വകുപ്പിനോ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലെന്ന് ലോക്ഭവൻ പിന്നീട് വ്യക്തമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പ് മന്ത്രി പ്രസ്താവന നടത്താൻ ഇടയായതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

**(ഡി)** ഇക്കാര്യത്തിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയം /കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശം എന്തായിരുന്നു; സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ അതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

**(ഇ)** 2026 ആഗസ്റ്റ് 6-ന് ചീഫ് സെക്രട്ടറി പുറത്തിറക്കിയ സർക്കുലറിൽ വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശം പിന്നീട് തിരുത്തുകയോ പിൻവലിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ തീയതിയും കാരണവും വ്യക്തമാക്കുമോ; 2026 ആഗസ്റ്റ് 14 -ന് പുറത്തിറക്കിയ, വകുപ്പിന്റെ പുതിയ സർക്കുലറിൽ സ്കൂളുകളിൽ വന്ദേമാതരം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(എഫ്)** വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കുലർ/നിർദ്ദേശം പുറത്തിറങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>ആഡംബര നികുതി</u>**

***118** **ശ്രീ. എ. ഡി. തോമസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 278.7ചതുരശ്ര മീറ്ററിന് (3000 സ്ക്വയർ ഫീറ്റ്) മുകളിൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് പ്രതിവർഷം റവന്യൂ വകുപ്പ് ഈടാക്കുന്ന ആഡംബര നികുതി, വീട് നിർമ്മിച്ച് പതിനഞ്ച് വർഷത്തിലേറെ കഴിഞ്ഞിട്ടും യാതൊരു ഇളവുമില്ലാതെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വർഷങ്ങൾക്ക് മുൻപ് വിദേശത്ത് ജോലി ഉണ്ടായിരുന്ന സമയത്ത് നിർമ്മിച്ച ഇത്തരം വലിയ വീടുകളുടെ ഉടമകളായ പ്രവാസി മലയാളികളിൽ പലരും നിലവിൽ ജോലി നഷ്ടപ്പെട്ടും മറ്റും വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത നികുതിഭാരം കുറയ്ക്കാനാകുമോ എന്ന് പരിശോധിക്കുമോ;

(സി) പതിനഞ്ച് വർഷം പഴക്കമുള്ള ഒരു വീടിനെ ഇപ്പോഴും ആഡംബര പട്ടികയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നത് അശാസ്ത്രീയമായതിനാൽ ഇത്തരം വീടുകളെ അവയുടെ പഴക്കം പരിഗണിച്ച് ആഡംബര നികുതിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കാനോ അല്ലെങ്കിൽ നികുതി ഈടാക്കുന്നതിന് പത്ത് അല്ലെങ്കിൽ പതിനഞ്ച് വർഷം എന്നൊരു കാലപരിധി നിശ്ചയിക്കാനോ തയ്യാറാകുമോ; വിശദമാക്കുമോ?

**<u>ഭൂമി തരം മാറ്റം</u>**

***119 ശ്രീ. പി. പ്രസാദ്**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിധേയമായി ഭൂമിതരംമാറ്റം ചെയ്യുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഭൂമി തരം മാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായ രീതിയിൽ കൈകാര്യം ചെയ്തിരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**(സി)** ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂമിതരം മാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദീകരിക്കുമോ?

**<u>വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി</u>**

***120** **ശ്രീ. വി. എസ്. ജോയി**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദമാക്കാനുള്ള നയരേഖയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** പാഠ്യേതര പ്രവർത്തനങ്ങളിൽ അടക്കം ഭിന്നശേഷി കുട്ടികളുടെ തുല്യപങ്കാളിത്തം ഉറപ്പാക്കാനും പുതിയ സ്കൂൾ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാനും സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(സി)** ഭിന്നശേഷി കുട്ടികളുടെ പഠന നിലവാരം സംരക്ഷിച്ചും അവരുടെ താല്പര്യങ്ങൾ അനുസരിച്ചുമുള്ള പഠന പിന്തുണ ഉറപ്പാക്കാൻ ഒന്നു മുതൽ പത്ത് വരെ ക്ലാസ്സുകളെ ലെവൽ 1, 2, 3 എന്നിങ്ങനെ തരം തിരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം, **ഷാജി സി ബേബി**

2026 ഒക്ടോബർ 06, ചൊവ്വ സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം

വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].